**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 218** **12-10-2026-ൽ മറുപടിയ്ക്ക്**

**കോതമംഗലം താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് കോതമംഗലം താലൂക്ക് ആശുപത്രിയിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** മുൻ സർക്കാരിന്റെ കാലത്ത് കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നടപ്പിലാക്കിയതും, നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1 കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

a. പുതിയതായി ഓഫ്താൽമിക് ഓപ്പറേഷൻ തീയേറ്ററും, പോസ്റ്റ്നേറ്റൽ വാർഡിന്റേയും നിർമ്മാണം

b. നിലവിൽ ഉണ്ടായിരുന്ന ഓപ്പറേഷൻ തീയേറ്ററിന്റെയും, ലേബർ റൂമിന്റെയും നവീകരണവും ആശുപത്രി കെട്ടിടങ്ങളുടെ പെയിന്റിംഗും.

c. 25 കിലോവാട്ട് കപ്പാസിറ്റിയുള്ള സോളാർ പ്ലാന്റിന്റെ നിർമ്മാണം

d. ജനറേറ്റർ ടാൻസ്ഫോർമർ എന്നിവയോടു കൂടിയ പവർ സ്റ്റേഷന്റെ നിർമ്മാണം.

e. അഗ്നിസുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കലും, സി.സി.ടി.വി, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ സ്ഥാപിക്കലും.

f. ഓക്സിജൻ മാനിഫോൾഡ് വിപുലീകരണം.

കൂടാതെ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് കെട്ടിടത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

**മറുപടി:**

| കിഫ്ബി ഫണ്ട് | | |
|---|---|---|
| ക്രമ നം. | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക |

| | | |
|---|---|---|
| 1 | Main Building & Site development | 3,40,87,438.97 |
| 2 | Manifold Room | 18,52,096.71 |
| 3 | Sump, pump room & DG Substation | 1,06,94,471.88 |
| 4 | Plumbing works | 28,55,980.41 |
| 5 | Electrical works | 1,43,33,952.94 |
| 6 | ELV works | 69,04,723.96 |
| 7 | HVAC works | 40,52,300.21 |
| 8 | Fire Fighting works | 1,20,18,904.36 |
| 9 | Lift | 36,16,838.00 |
| 10 | MGPS | 29,76,007.15 |

**എം.എൽ.എ ആസ്തി വികസന ഫണ്ട്**

എം.എൽ.എ ആസ്തി വികസന ഫണ്ട് 2018-19 ൽ ഉൾപ്പെടുത്തി ₹3.48 കോടി രൂപ വകയിരുത്തുകയും കാഷാലിറ്റി കം ഡയാലിസിസ് യൂണിറ്റ് കെട്ടിടത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**സ്റ്റേറ്റ് പ്ലാൻ ഫണ്ട്**

ഡയാലിസിസ് ഉപകരണങ്ങൾ വാങ്ങുന്നതിന് ₹62.07 ലക്ഷം രൂപ സ്റ്റേറ്റ് പ്ലാൻ ഫണ്ടിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

**ആർദ്രം ഫണ്ട്**

₹1.56 കോടി രൂപ വകയിരുത്തി ഒ.പി നവീകരണം പൂർത്തീകരിച്ചിട്ടുണ്ട്.

**(സി)** നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** കോതമംഗലം താലൂക്ക് ആശുപത്രിയിൽ മെഡിക്കൽ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുന്നതിന് ₹1.14 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകുകയും തദനുസരണം കെ.എം.എസ്.സി.എൽ 57 ഉപകരണങ്ങൾ വാങ്ങുന്നതിന് ഓർഡർ നൽകിയിട്ടുള്ളതും, 6 ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികളും, അവശേഷിക്കുന്ന 15 ഉപകരണങ്ങൾക്കുള്ള ഓർഡർ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**